**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 992** — **28 .04.2017-ൽ മറുപടിയ്ക്ക്**

**മഞ്ചേരി നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില**

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) മഞ്ചേരി-നറുകര വില്ലേജുകളിലെ ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ യോഗം സബ്ഡിവിഷൻ തലത്തിൽ ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സബ്ഡിവിഷൻ തലത്തിൽ യോഗം വിളിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ, മലപ്പുറം ലോക് സഭാ ഉപതെരഞ്ഞെടുപ്പ് കാരണം യോഗം നടന്നിട്ടില്ല. |
| (ബി) അതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) 06/03/2017-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം കളക്ടറേറ്റിൽ ചേരുകയും ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് പെരിന്തൽമണ്ണ സബ് കളക്ടറെ ചുമതലപ്പെടുത്തുകയും 01/06/2017-നുള്ളിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; | (സി) യോഗം ചേർന്നതിന് ശേഷം സ്ഥല പരിശോധന നടത്തുന്നതാണ്. |
| (ഡി) കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യു ഓഫ് ലാൻഡ്) റൂൾസ് ചട്ടം മൂന്നിലെ വ്യവസ്ഥകൾ പ്രകാരം റവന്യു ഡിവിഷണൽ ഓഫീസർ ഫെയർ വാല്യു നിശ്ചയിച്ച് ചട്ടം 4-ലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ഇല്ല |
| (ഇ) ഇപ്രകാരം നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;<br><br>(എഫ്) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത വില്ലേജുകളിലെ ന്യായവില എന്നത്തേക്ക് പുന:ക്രമീകരിക്കാൻ സാധിക്കും എന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ? | (ഇ) & (എഫ്) ലോക് സഭാ ഉപതെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ ഉദ്യോഗസ്ഥർ വ്യാപൃതരായിരുന്നതിനാൽ ഈ വിഷയത്തിൽ നടപടികൾ എടുക്കുന്നതിൽ കാലതാമസമുണ്ടായി. കേരള സ്റ്റാമ്പ് റൂൾസ് 1995-ലെ ചട്ടം 3-ലെ വ്യവസ്ഥകൾ പ്രകാരം റവന്യു ഡിവിഷണൽ ഓഫീസർ ന്യായവിലയുടെ കരട് ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ച് ആയതിൽ ആക്ഷേപം ക്ഷണിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്നതിന് റൂൾ പ്രകാരമുള്ള സമയപരിധി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ